
മാതൃഭൂമി
04 May 2016

# മീനിനും 'വരൾച്ച'

- കേരളത്തിൽ മത്സ്യസമ്പത്ത് **16% കുറഞ്ഞു**
- കടലിന്റെ അടിത്തട്ടിൽ വരൾച്ചാപ്രതിഭാസം



കൊച്ചി: രാജ്യത്തെ മത്സ്യസമ്പത്തിൽ വൻ ഇടിവിനിടയാക്കി കടലിലും 'കൊടുംവരൾച്ച'. ഇതുമൂലം മത്സ്യസമ്പത്തിൽ 5.3 ശതമാനമാണ് കുറവു വന്നത്. കേരള തീരത്താകട്ടെ കുറഞ്ഞത് 16 ശതമാനവും.

കേന്ദ്രസമുദ്രമത്സ്യഗവേഷണ കേന്ദ്രം (സി.എം.എഫ്.ആർ.ഐ.) നടത്തിയ പഠനത്തിലാണ് കടലിനടിത്തട്ടിലുണ്ടായ 'വരൾച്ച' മത്സ്യങ്ങളെയും ബാധിച്ചതായി കണ്ടെത്തിയത്. മലയാളിയുടെ പ്രിയപ്പെട്ടയിനമായ മത്തിയുടെ ലഭ്യതയിൽ 51 ശതമാനത്തോളമാണ്കുറവ്. കേരളത്തിൽ കുറഞ്ഞത് 55 ശതമാനവും.

നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ മത്തിയുടെ അവസ്ഥ അടുത്ത രണ്ടുവർഷത്തേക്ക് മെച്ചപ്പെടാനിടയില്ല. മുട്ടയിടാൻ പാകത്തിലുള്ള മീനുകൾ വളരെ കുറവാണ്.

സമുദ്രത്തിന്റെ അടിത്തട്ടിൽ ചൂടുകൂടി. ഇത് ആവാസവ്യവസ്ഥയിൽ മാറ്റമുണ്ടാക്കി. വരൾച്ച എന്നുതന്നെ വിശേഷിപ്പിക്കാവുന്ന പ്രതിഭാസമാണുണ്ടായത്. ഇതിനൊപ്പം ഭക്ഷണം കിട്ടാതെയുമായി. ഇത് മീനുകളെ ബാധിച്ചു.

സമുദ്രത്തിന്റെ അടിത്തട്ടിൽ ചൂട് വർധിച്ചത് ലോകമെമ്പാടുമുണ്ടായ പ്രതിഭാസമാണ്. ഇതിനുപുറമേ, എൽനിനോയും മീൻപിടിത്തത്തിൽ വന്ന മാറ്റങ്ങളും മത്സ്യസമ്പത്ത് കുറയാൻ കാരണമായിട്ടുണ്ടെന്ന് സി.എം.എഫ്.ആർ.ഐ. പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. വി. കൃപ പറഞ്ഞു.

കിട്ടിയ മീനിന്റെ കണക്കെടുപ്പിൽ രാജ്യത്ത് മൂന്നാംസ്ഥാനമാണ് കേരളത്തിന്. ഗുജറാത്തും (7.22 ലക്ഷം ടൺ) തമിഴ്നാടും (7.09 ലക്ഷം ടൺ) ആണ് ഒന്നും രണ്ടും സ്ഥാനങ്ങളിലെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പത്രസമ്മേളനത്തിൽ പറഞ്ഞു. മത്തി കുറഞ്ഞതാണ് സംസ്ഥാനം മൂന്നാമതാകാൻ കാരണം.

സി.എം.എഫ്.ആർ.ഐ.യിൽ നടന്ന ചടങ്ങിൽ മത്സ്യലഭ്യതയുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ പ്രകാശനം ചെയ്തു. ഡോ. ടി.വി. സത്യാനന്ദൻ, ഡോ. സുനിൽ മുഹമ്മദ്, ഡോ. പി.യു. സക്കറിയ, ഡോ. പ്രതിഭ രോഹിത്, ഡോ. മഹേശ്വരുഡു, ഡോ. ആർ. നാരായണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## മത്തി കുറഞ്ഞത് 55 ശതമാനം

2014-ൽ രാജ്യത്താകെ 5.45 ലക്ഷം ടൺ മത്തിയാണ് ലഭിച്ചത്. കഴിഞ്ഞ വർഷമിത് 2.66 ലക്ഷം ടണ്ണായി ചുരുങ്ങി. കേരളത്തിൽ 2014-ൽ 1.56 ലക്ഷം ടൺ ലഭിച്ചു. 2015-ൽ ഇത് 68,000 ടണ്ണായി കുറഞ്ഞു. കുറഞ്ഞത് 55 ശതമാനം. മത്തിക്കൊപ്പം പാമ്പാട, ചെമ്മീൻ, ചെറിയ ചെമ്മീൻ വർഗങ്ങൾ എന്നിവയും കുറഞ്ഞു.

എന്നാൽ, കിളിമീൻ, അയലക്കണ്ണി, അയല, മറ്റ് മത്തിയിനങ്ങൾ (Lesser Sardine) എന്നിവ കൂടിയിട്ടുണ്ട്.

## മത്സ്യലഭ്യത

- ഇന്ത്യ: 2014-ൽ **35.9 ലക്ഷം ടൺ**
- 2015-ൽ **34 ലക്ഷം ടൺ**
- കേരളം: 2014-ൽ **5.76 ലക്ഷം ടൺ**
- 2015-ൽ **4.82 ലക്ഷം ടൺ**